വയനാട് ജില്ലയിലേക്ക് ടൂറിസ്റ്റുകൾക്ക് വരുന്നതിന് സൗകര്യം വർദ്ധിപ്പിക്കാൻ നടപടി

106 (4714) ശ്രീ. എ. സുജനപാൽ :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. വർക്കല കഹാർ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടൂറിസം വികസനത്തിന്റെ ഭാഗമായി കോഴിക്കോട്-മാനന്തവാടി, തലശ്ശേരി-മാനന്തവാടി റോഡുകൾ വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ടൂറിസം ജില്ലയായി പ്രഖ്യാപിച്ചിട്ടുള്ള വയനാട് ജില്ലയിലേക്ക് ടൂറിസ്റ്റുകൾക്ക് വരുന്നതിന് എന്തെല്ലാം വിധത്തിൽ സഞ്ചാരസൗകര്യം വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഇത്തരം ഒരു നിർദ്ദേശം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

(ബി) വയനാട് ജില്ല ഒരു ടൂറിസം ജില്ലയായി പ്രഖ്യാപിച്ചിട്ടില്ല. എന്നാലും ജില്ലയിലെ സഞ്ചാര സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ ആലോചിക്കാവുന്നതാണ്.

പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന് നീക്കിവച്ച തുകയുടെ വിനിയോഗം

107 (4715) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിന് 2002-03 വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന പ്ലാനിന്റെ ഭൗതിക ലക്ഷ്യം എത്ര ശതമാനം നിറവേറ്റാൻ കഴിഞ്ഞു ;

(ബി) ഈ ഇനത്തിലുള്ള തുക ചെലവാക്കാൻ കഴിയാതെ വാപ്സായി പോയിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എത്രമാത്രം തുകയാണ് ഇപ്രകാരം വാപ്സായി പോയതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2002-03 വർഷം പട്ടികവർഗ്ഗ ഉപ പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ഓരോ പദ്ധതിക്കും പ്രത്യേക ഭൗതിക ലക്ഷ്യം നിശ്ചയിച്ചിരുന്നു. പദ്ധതി തിരിച്ചുള്ള ഭൗതിക നേട്ടത്തിന്റെ വിശദവിവരം* അനുബന്ധം -1 ആയി ചേർത്തിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് 92.65 ശതമാനം ഭൗതികലക്ഷ്യം കൈവരിച്ചു.

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly